K-bip
Kerala Bureau of Industrial Promotion
(An Autonomous Body of Government of Kerala)

vyapar 2022
Kerala Business - to - Business Meet
Opportunities Face 2 Face for MSMEs

**പത്രക്കുറിപ്പ്** **17.06.2022**

## പല ഫ്ളേവറുകളിൽ കുടിവെള്ളം; ഒപ്പം ഊർജ്ജവും

**കൊച്ചി:** വെള്ളം കുടിക്കുമ്പോൾ ദാഹം ശമിക്കുന്നതിനൊപ്പം ഊർജ്ജവും ഉണർവ്വും കൂടിയായാലോ. ഇത് പരീക്ഷിക്കാൻ കൊച്ചി ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം ഗ്രൗ ിലെ സംസ്ഥാന വ്യവസായ-വാണിജ്യ വകുപ്പിന്റെ വ്യാപാർ പ്രദർശന മേളയിലേക്കു വരൂ. ഗുണമേന്മയ്ക്കൊപ്പം ഈ വെള്ളത്തിന്റെ രുചിയിലും വൈവിധ്യമു ്. ഔഷധക്കൂട്ടുകളുടെ രുചിയാണ് ഒന്നിനെങ്കിൽ ഓറഞ്ച്, സ്ട്രോബറി, ബ്ലൂബെറി തുടങ്ങിയ ഫ്ളേവേർഡ് രുചികളാണ് മറ്റുള്ളവയ്ക്ക്.

കേവലം ദാഹമകറ്റുക എന്നതിനപ്പുറം ശരീരത്തിനാവശ്യമായ ധാതുക്കൾ കൂടി നൽകിയാണ് പ്രദർശന മേളയിൽ അപർമ എന്ന കുടിവെള്ള കമ്പനി പ്രതിനിധികളുടെ ശ്രദ്ധയാകർഷിക്കുന്നത്. കേരളത്തിലെ ആദ്യത്തെ ഹെർബൽ വാട്ടർ എന്ന അവകാശവാദമാണ് ഇവർ മുന്നോട്ടുവയ്ക്കുന്നത്. ഔഷധഗുണമുള്ള ഈ ശുദ്ധജലത്തിന്റെ വേറിട്ട രുചിയും ഗുണവും അറിയാൻ നിരവധി പേരാണ് വ്യാപാറിലെ സ്റ്റാളിലെത്തുന്നത്. വ്യത്യസ്ത ഫ്ളേവറുകൾ രുചിക്കുന്നവരാകട്ടെ ഇത് പുതിയ അനുഭവമാണെന്ന സാക്ഷ്യപ്പെടുത്തലും നൽകുന്നു.

കാൽസ്യം, മഗ്നേഷ്യം, പൊട്ടാസ്യം, സിങ്ക് തുടങ്ങിയ ഘടകങ്ങളടങ്ങിയ ന്യൂട്രിയന്റ് വാട്ടർ, ഓറഞ്ച്, പീച്ച്, ബ്ലൂബെറി, മിന്റ്, സ്ട്രോബറി തുടങ്ങി വ്യത്യസ്ത ഫ്ളേവറുകളിലുള്ള ഫ്ളേവേർഡ് വാട്ടർ, ഇലക്ട്രോലൈറ്റുകളടങ്ങിയ സ്പോർട്സ് വാട്ടർ, ഉയർന്ന പിഎച്ച് മൂല്യമുള്ള ആൽക്കലൈൻ വാട്ടർ, കൃഷ്ണതുളസി, കരിഞ്ചീരകം തുടങ്ങിയ ഔഷധക്കൂട്ടുകളടങ്ങിയ ഹെർബൽ വാട്ടർ തുടങ്ങി ഏഴ് വ്യത്യസ്ത ഇനങ്ങളാണ് കമ്പനി വിപണിയിലെത്തിച്ചിട്ടുള്ളത്.

9 ഘട്ടങ്ങളിലായി അന്താരാഷ്ട്ര നിലവാരമുള്ള ഗുണനിലവാര പരിശോധനകളിലൂടെ കടന്നുപോയാണ് അപർമയുടെ കുടിവെള്ളം കുപ്പിയിലെത്തുന്നത്. പിഎച്ച് മൂല്യം അളക്കുന്നതാകട്ടെ ഏഴു ഘട്ടങ്ങളിലായിട്ടും. മലപ്പുറം ജില്ലയിലെ മഞ്ചേരി കേന്ദ്രമാക്കി ര ് വർഷം മുമ്പ് ആരംഭിച്ച അപർമയ്ക്ക് ഐഎസ്ഒ 22000-2018 ഗുണനിലവാര അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. നിലവിൽ 400, 750, 1000 മില്ലിലിറ്റർ ബോട്ടിലുകളാണ് ലഭ്യമായിട്ടുള്ളത്.

KBIP, 2, Vidhya Nagar, Opposite Police Ground, Thycaud P.O., Thiruvananthapuram-695 014, Kerala.
Tel: +91-471-2321882, Fax: +91-471-2322883, E-mail: kbip@keralaindustry.org | www.keralabusinessmeet.org

Organised by Department of Industries & Commerce Government of Kerala | Nodal Agency K-bip Kerala Bureau of Industrial Promotion | Trade & Industry Partner FICCI | Supported by Directorate of Industries & Commerce, KINFRA, KSIDC, Directorate of Handlooms & Textiles, DC MSME Government of India